പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3397 14.03.2018- ൽ മറുപടിയ്ക്ക്

**ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഓർഫനേജുകൾ**

ചോദ്യം

ശ്രീ. പാറക്കൽ അബ്ദുല്ല

മറുപടി

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നിയന്ത്രണത്തിലുള്ള അനാഥാലയങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | ആകെ 1164 അനാഥാലയങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത അനാഥാലയങ്ങളിൽ എത്രയെണ്ണം പുതിയ ബാലനീതി നിയമ വ്യവസ്ഥകൾ അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | 491 സ്ഥാപനങ്ങൾ പുതിയ ബാലനീതി നിയമ വ്യവസ്ഥകൾ അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | എത്ര അനാഥാലയങ്ങൾ ഇതിനകം പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടെന്നും അടച്ചുപൂട്ടാനായി എത്രയെണ്ണം ഓർഫനേജ് കൺട്രോൾ ബോർഡിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (സി) | 165 അനാഥാലയങ്ങൾ പ്രവർത്തനം നിർത്തിയിട്ടുണ്ട്. റദ്ദ് ചെയ്യാനായി 479 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ഡി) | അടച്ചുപൂട്ടിയ അനാഥാലയങ്ങളിൽ നിന്നും എത്ര കുട്ടികൾ ഇതിനകം പുറത്തുപോകുമെന്നും ഇവരുടെ പഠനം, സംരക്ഷണം എന്നിവക്കായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വിശദമാക്കുമോ? | (ഡി) | പ്രവർത്തനം നിർത്തലാക്കിയ സ്ഥാപനങ്ങളിൽ നിന്നും 5000-ൽ പരം കുട്ടികൾ പുറത്തു പോയിട്ടുണ്ട്. പ്രസ്തുത കുട്ടികളെ, സംരക്ഷണത്തിനായി രക്ഷകർത്താക്കളോടൊപ്പം അയയ്ക്കുകയോ, അംഗീകാരമുള്ള സ്ഥാപനങ്ങളിലേക്ക് മാറ്റി പാർപ്പിക്കുകയോ ചെയ്യുന്നതിന് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**